# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

## വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in

## സാന്നിദ്ധ്യം

| | | |
|---|---|---|
| സാജമ്മ. ജെ. പുന്നൂർ | : | അദ്ധ്യക്ഷ |
| ആൻസി പോൾ . സി | : | അംഗം |
| ഫ്രാൻസിസ്. എ. സി | : | അംഗം |

ഒ.പി. നം. **104 /2023-24**

പരാതിക്കാരൻ :

1. ശ്രീ. അബ്ദുൾ അസീസ്, ബെല്ലിക്കോത്ത്, എസ്. എൻ. ടി. ടി. ഐക്ക് സമീപം, പടന്നക്കാട്, കാസർക്കോഡ്.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കാഞ്ഞങ്ങാട്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോഡ്– ജില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ,നീലേശ്വരം, കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോഡ്– ജില്ല.

# ഉത്തരവ്

പരാതി:-

പരാതിക്കാരൻ 1168044006571 എന്ന കൺസ്യൂമർ നമ്പറിൽ പടന്നക്കാട് സെക്ഷനിലെ ഉപഭോക്താവാണ്. 16 വർഷം മുൻപ് പരാതിക്കാരന് ഒരു അഡീഷണൽ ബില്ല് വന്നിരുന്നെന്നും ആയതിൻപ്രകാരം പരാതിക്കാരൻ ബില്ല് അടവാക്കിയെന്നും തുടർന്നും കൂടിയ ബിൽ 5,222/-രൂപ വന്നപ്പോൾ പരാതിക്കാരന്റെ പരാതിപ്രകാരം മീറ്റർ പരിശോധിക്കുകയും മീറ്റർ കേടായിരുന്നതിനാൽ പുതിയ മീറ്റർ സ്ഥാപിക്കുകയും, മുൻപ് അടച്ച കൂടിയതുക തിരിച്ച് തരാമെന്ന് വാക്കാൽ അറിയിച്ചതായും പരാതിക്കാരൻ പറയുന്നു. ആയതിന് പരാതിക്കാരൻ അപേക്ഷ നൽകിയിരുന്നെന്നും എന്നാൽ നടപടി ഒന്നും എതിർകക്ഷി എടുത്തില്ല എന്നും പരാതിക്കാരൻ അറിയിക്കുന്നു. ഇപ്പോൾ വീണ്ടും പഴയ 5,222/-രൂപയും പലിശയും അടക്കാനുണ്ട് എന്ന് നോട്ടീസ് കിട്ടിയിട്ടുണ്ടെന്നും ആയത് ഒഴിവാക്കി തരണം എന്നതുമാണ് പരാതി.

പരാതിക്കാരന്റെ വിശദീകരണം:-

1168044006571 എന്ന കൺസ്യൂമർ നമ്പറിൽ 16 വർഷം മുൻപ് പരാതിക്കാരന് ഒരു അഡീഷണൽ ബില്ല് വന്നിരുന്നെന്നും ടി ബില്ല് പരാതിക്കാരൻ അടവാക്കിയെന്നും തുടർന്നും 5,222/-രൂപയുടെ കൂടിയ ബിൽ വന്നപ്പോൾ പരാതിക്കാരൻ കെ.എസ്.ഇ.ബിയിൽ പരാതിനൽകുകയും ആയതിൻപ്രകാരം മീറ്റർ പരിശോധിക്കുകയും മീറ്റർ കേടായിരുന്നതിനാൽ പുതിയ മീറ്റർ സ്ഥാപിക്കുകയും ചെയ്തിരുന്നു. മുൻപ് അടച്ച കൂടിയതുക തിരിച്ച് തരാമെന്ന് കെ.എസ്.ഇ.ബിയിൽ നിന്ന് വാക്കാൽ അറിയിച്ചിരുന്നെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ലെന്നും, 5,222/-രൂപയും പലിശയും അടക്കാനുണ്ടെന്ന് കാണിച്ച് വീണ്ടും നോട്ടീസ് കിട്ടിയപ്പോൾ ഇത് ഒഴിവാക്കിതരാനായി കെ.എസ്.ഇ.ബിയിൽ പരാതി നൽകിയപ്പോൾ ടി പരാതി ഉയർന്ന ഉദ്യോഗസ്ഥർക്ക് അയച്ചിട്ടുണ്ടെന്നും, മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നുമാണ് അറിയിച്ചത്. ആയതിനാൽ ടി കുടിശ്ശിക തുക ഒഴിവാക്കിതരണമെന്ന് പരാതിക്കാരൻ അപേക്ഷിക്കുന്നു.

എതിർകക്ഷിയുടെ വിശദീകരണം :-

പരാതിക്കാരൻ ശ്രീ. അബ്ദുൾ അസീസ്, ബെല്ലിക്കോത്ത് എന്നവർക്ക് നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 09-02-2000 ൽ ഗാർഹിക ആവശ്യത്തിനായി 3 ഫേസ് കണക്ഷൻ നൽകിയിട്ടുള്ളതാണെന്നും 24-10-2014 ൽ നീലേശ്വരം സെക്ഷൻ വിഭജിച്ചപ്പോൾ ടി

കണക്ഷൻ പടന്നക്കാട് സെക്ഷനിലേക്ക് 1168044006571 എന്ന കൺസ്യൂമർ നമ്പറിലേക്ക് മാറുകയുണ്ടായി. 24-04-2008 ൽ നീലേശ്വരം സെക്ഷനിൽ 5,222/- രൂപയുടെ റഗുലർ കറന്റ് ചാർജ്ജ് ബില്ല് സോഫ്റ്റ് വേറിൽ രേഖപ്പെടുത്തിയിരുന്നെന്നും എന്നാൽ അപ്രൂവൽ ചെയ്യാതെ ഡിസ്പ്യൂട്ട് ബില്ലായി പരിഗണിച്ചിരിക്കുകയായിരുന്നെന്നും പിന്നീട് പടന്നക്കാട് സെക്ഷനിൽ വച്ചാണ് ടി ബിൽ അപ്രൂവ് ചെയ്തതെങ്കിലും അവിടെവച്ച് വീണ്ടും ഡിസ്പ്യൂട്ട് ബില്ലായി പരിഗണിച്ചെന്നും 2023 ൽ ഒറ്റത്തവണ തീർപ്പാക്കലിന്റെ ഭാഗമായി ഡിസ്പ്യൂട്ട് സ്റ്റാറ്റസിൽ നിന്ന് ഒഴിവാക്കുകയും കുടിശ്ശിക അടച്ചുതീർക്കാനുള്ള സൗകര്യം പരാതിക്കാരനെ അറിയിക്കുകയും ചെയ്തതാണ്. 25-03-2024 ലേക്ക് ടി തുക 5,222/- രൂപ പ്രിൻസിപ്പൽ തുകയും 19,933/-രൂപ സർച്ചാർജ്ജും അടക്കം 25,155/-രൂപ കുടിശ്ശിക ആയിട്ടുണ്ട് എന്നും എതിർകക്ഷി അറിയിച്ചു.

<u>എതിർകക്ഷിയുടെ തുടർ വിശദീകരണം:-</u>

- ഒരുമ സോഫ്റ്റ് വേറിന്റെ ബാക്കപ്പ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1) 24-04-2008 ലെ റീഡിംഗ് റജിസ്റ്ററിൽ 1155 യൂണിറ്റിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഉപഭോക്താവിന്റെ ശരാശരി ഉപയോഗം 454 യൂണിറ്റ് ആണ്.

2) 1155 യൂണിറ്റ് ഉപയോഗത്തിന്റെ അടിസ്ഥനത്തിലാണ് 5,222/-രൂപയുടെ ബില്ല് നൽകിയിട്ടുള്ളത്.

3) എന്നാൽ ഈ ബില്ല് ഡിസ്പ്യൂട്ട് ബില്ലായി പരിഗണിക്കുകയും പകരം 24-04-2008 ന് തന്നെ ബിൽ നമ്പർ E66960013265 ആയി 1,821/-രൂപയുടെ Ex-system ബില്ല് നൽകിയിട്ടുള്ളതാണ്.

4) ജ്യോതി software ന്റെ data പരിശോധിച്ചതിൽ 10-06-2008 ൽ മീറ്റർ മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

- 24-12-2019 ൽ പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കലിന്റെ ഭാഗമായി കുടിശ്ശിക അടച്ചുതീർക്കുന്നതിന് ഈ ഉപഭോക്താവിന് നോട്ടീസ് നൽകിയിരുന്നു.

- ഈ നോട്ടീസിന് ശ്രീ. അബ്ദുൾ അസീസിന് വ്യക്തമായ മറുപടിയും നൽകിയിട്ടുണ്ട്. 10 വർഷം മുമ്പ് മീറ്റർ കേടായതിന്റെ അടിസ്ഥാനത്തിലാണ് അത്തരത്തിലുള്ള ബില്ല് വന്നതെന്നും

അത് പരിശോധനയിൽ  വ്യക്തമായതാണെന്നും കൂടുതൽ അടച്ച തുക തിരികെ കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടും യാതൊരു തീർപ്പും കൽപ്പിച്ചിട്ടില്ല എന്നും മറുപടിയിൽ പറയുന്നു.

- ഈ മറുപടിയുടെയും തുടർന്നുള്ള അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ പടന്നക്കാട്  ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 20-01-2020 ന് ഈ കുടിശ്ശിക പിൻവലിക്കുന്നതിന് കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയെങ്കിലും തുടർനടപടികൾ ഒന്നും തന്നെ ഉണ്ടായില്ല.

<u>അവലോകനവും  കണ്ടെത്തലും:-</u>

ഈ കേസിന്റെ വിചാരണ 24-04-2024 ന് കോഴിക്കോട് സി ജി ആർ എഫിലെ കോർട്ട് ഹാളിൽ വച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും വിചാരണയിൽ ഹാജരായിരുന്നു. വിചാരണ സമയത്ത് ഹാജരാക്കിയ രേഖകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബോദ്ധ്യപ്പെട്ടു.

- പരാതിക്കാരൻ 1168044006571 എന്ന കൺസ്യൂമർ നമ്പറിൽ പടന്നക്കാട് സെക്ഷനിലെ ഗാർഹിക ഉപഭോക്താവാണ്.

- 09-02-2000 ൽ നീലേശ്വരം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ഗാർഹിക ആവശ്യത്തിന് LT 3 ഫേസിൽ അനുവദിച്ചിട്ടുള്ള കണക്ഷനാണ് പരാതിക്കാരന്റേത്.

- 24-10-2014 ൽ നീലേശ്വരം സെക്ഷൻ വിഭജിച്ച് പുതുതായി പടന്നക്കാട് സെക്ഷൻ നിലവിൽ വന്നു. ആ സമയത്ത് പരാതിക്കാരന്റെ കണക്ഷനും പടന്നക്കാട് സെക്ഷനിലേക്ക് മൈഗ്രേറ്റ് ചെയ്യപ്പെട്ടു.

- 24-04-2008 ൽ നീലേശ്വരം സെക്ഷനിൽ വച്ച് 5,222/- രൂപയുടെ റഗുലർ കറന്റ് ചാർജ്ജ് ബില്ല് സോഫ്റ്റ് വേറിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ആയത് അപ്രൂവ് ചെയ്യാതെ ഡിസ്പ്യൂട്ട് ബില്ലായി നിലനിർത്തിയിരിക്കുകയായിരുന്നു.

- പിന്നീട് പടന്നക്കാട് സെക്ഷനിൽ വച്ച് 30-11-2014 ൽ ഈ ബില്ല് അപ്രൂവ് ചെയ്തെങ്കിലും വീണ്ടും ഡിസ്പ്യൂട്ട് ബില്ല് ആക്കിയിരുന്നു.

- 2023 ൽ ഒറ്റത്തവണ തീർപ്പാക്കലിന്റെ ഭാഗമായി ഈ ബില്ല് ഡിസ്പ്യൂട്ടിൽ നിന്ന് ഒഴിവാക്കി  കുടിശ്ശിക അടച്ചുതീർക്കാൻ  പരാതിക്കാരന്  നോട്ടീസ് നൽകി എന്ന് എതിർകക്ഷി

അറിയിക്കുന്നു. ഈ ബില്ലൊഴികെ മറ്റെല്ലാ ബില്ലും പരാതിക്കാരൻ അടക്കുന്നുണ്ടെന്ന് എതിർകക്ഷി അറിയിക്കുന്നു.

പരാതിക്കാരന്റെ മീറ്റർ 10/6/2008 ൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട് എന്ന് എതിർകക്ഷി അറിയിച്ചിട്ടുണ്ട്. മാത്രമല്ല 20-01-2020 ന് മീറ്റർ കേടായ സമയത്തെ അധികബിൽ പിൻവലിക്കുന്നതിന് കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പടന്നക്കാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ടെന്നും എതിർകക്ഷി അറിയിച്ചു. 24-04-2008 ൽ തന്നെ ആവറേജ് ബില്ല് പരാതിക്കാരൻ അടവാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ 5,222/-രൂപയുടെ ബില്ല് റദ്ദാക്കേണ്ടതായിരുന്നു എന്ന് ഫോറം മനസ്സിലാക്കുന്നു.

24-04-2008 ൽ നൽകിയ 5,222/- രൂപയുടെ ബില്ല് അപ്രൂവ് ചെയ്യാതെ ഡിസ്പ്യൂട്ടിൽ ആക്കിയത് പരാതിക്കാരൻ അവകാശപ്പെടുന്നതു പോലെ മീറ്റർ ഫോൾട്ടി ആയതുകൊണ്ടും ഡിമാന്റ് പിൻവലിക്കലിന് അനുമതി കിട്ടുന്നതിനു വേണ്ടിയും ആയിരുന്നു. ആയതിനാൽ മീറ്റർ കേടായതുകാരണം വന്ന അധികബില്ല് പരാതിക്കാരൻ അടവാക്കേണ്ടതില്ല എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.

<u>തീരുമാനം:-</u>

- എതിർകക്ഷി പരാതിക്കാരന് നൽകിയ 29-09-2023 ലെ 24,344/- രൂപയുടെ ( മുതൽ ഇനത്തിൽ 5,222/- രൂപയും 18% പലിശയിനത്തിൽ 19,122/- രൂപയും) ഡിമാന്റ് നോട്ടീസ് ഫോറം ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

പരാതി മേൽ പറഞ്ഞ പ്രകാരം തീർപ്പാക്കി ഫോറം ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തി നാലാമാണ്ട് മെയ്യ് മാസം 15 -)0 തിയ്യതി.

| Sd/- | Sd/- | Sd/- |
|---|---|---|
| ഫ്രാൻസിസ്. എ. സി, | ആൻസി പോൾ . സി, | സാജമ്മ. ജെ. പുന്നൂർ |
| അംഗം | അംഗം | അദ്ധ്യക്ഷ |

**അയയ്ക്കുന്നത്:**

1. **ശ്രീ. അബ്ദുൾ അസീസ്,**
**ബെല്ലിക്കോത്ത്,**
**എസ്. എൻ. ടി. ടി. ഐക്ക് സമീപം**
**പടന്നക്കാട്**
**കാസർക്കോഡ്.**

**ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് /പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച്30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്കൊയറിന് സമീപം**
**എറണാകുളം,കേരള– 682016**
**(ഫോൺ 0484- 2346488)**

2.**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻഞ്ചിനീയർ,**
**ഇലക്ട്രിക്കൽ സബ് ഡിവിഷൻ,**
**കെ.എസ്.ഇ.ബി ലിമിറ്റഡ്,**
**കാഞ്ഞങ്ങാട്, കാസർക്കോഡ്. ജില്ല.**

**കോപ്പി സമർപ്പിക്കുന്നത് :**

**ചീഫ് എൻഞ്ചിനീയർ(ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട് .**

**കോപ്പി സമർപ്പിക്കുന്നത് :**

1. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതിഭവനം,തിരുവനന്തപുരം.

2. **ഡെപ്യൂട്ടി ചീഫ് എൻഞ്ചിനീയർ**
**ഇലക്ട്രിക്കൽ സർക്കിൾ, കാസർക്കോഡ്,**
**കെ.എസ്.ഇ.ബി ലിമിറ്റഡ്, കാസർക്കോഡ്.**

3. **എക്സിക്യൂട്ടീവ് എൻഞ്ചിനീയർ**
**ഇലക്ട്രിക്കൽ ഡിവിഷൻ,കാഞ്ഞങ്ങാട്,**
**കെ.എസ്.ഇ.ബി ലിമിറ്റഡ്,കാസർക്കോഡ്..ജില്ല.**

4. **അസിസ്റ്റന്റ് എൻജിനീയർ,**
**ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി**
**നീലേശ്വരം, കാസർക്കോഡ്. ജില്ല.**

Forwarded
Sd/-
**Chairperson**